**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **29-07-2021 - ൽ മറുപടിയ്ക്ക്**

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മണലൂർ മണ്ഡലത്തിന്റെ ഭാഗമായ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയാക്കി വികസിപ്പിക്കുന്നതിന് 2017-18 ലെ ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് അനുവദിച്ചത്; | (എ) | 2017-18 ബഡ്ജറ്റിൽ തൃശ്ശൂർ കുറ്റിപ്പുറം റോഡിന് 10/07/2017 തീയതിയിലെ G.O (Rt) No.942/2017/PWD ഉത്തരവ് പ്രകാരം 50 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അന്തിമ അംഗീകാരം നൽകാൻ കഴിയാതിരുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | തൃശ്ശൂർ കുറ്റിപ്പുറം റോഡിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി കിഫ്ബി ഉദ്യോഗസ്ഥർ, കെ, ആർ, എഫ്. ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബഹു. എം.എൽ.എ എന്നിവർ ചേർന്ന് ഒരു യോഗം 20.04.2022-ന് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകാൻ തീരുമാനം ഉണ്ടായി. എന്നാൽ പ്രവൃത്തിയുടെ DPR തയ്യാറാക്കിയിട്ടുള്ളത് 23 മീറ്റർ പരിഗണിച്ചാണ്. നിലവിലുള്ള DPR-ന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ Investigation പ്രവർത്തിയും, 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവർത്തികളും 03.05.2023 തീയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ DPR പുനർ രൂപകൽപന ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതുക്കിയ DPR പൊതുമരാമത്ത് പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ നിന്നും ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതി-നുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ